# പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ - അനിൽ. ജി, PEN-487185)

വിഷയം : പി.വി.വി – എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം 2019-20 ബാങ്കിംഗ് വിഭാഗത്തിലെ ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചുത്തരവാകുന്നു.

പരാമർശം : 1) സ.ഉ.(സാധാ) നമ്പർ 70/2013/പിസവിവ തീയതി 16.08.2013
2) സ.ഉ.(സാധാ) നമ്പർ 49/2019/പിവിവിവ തീയതി 30.05.2019
3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24.09.2019 ലെ BCDIR/A1/363/2019 നമ്പർ വിജ്ഞാപനം
4) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.11.2019 ലെ BCDIR/A1/363/2019 നമ്പർ ഉത്തരവ്
5) കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയക്ടറിൽ നിന്ന് 28.11.2019 ന് ഇമെയിൽ മുഖേന ലഭ്യമായ ലിസ്റ്റ്

---

**ബിസിഡിഇകെഎം/50/2019-എ1** **തീയതി 28.11.19**

---

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന മത്സര പരീക്ഷകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാമിന് 2019 - 20 വർഷത്തെ അപേക്ഷ ക്ഷണിച്ച് കൊണ്ട് പരാമർശം (3) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് 3,76,30,000/- രൂപ, ബാങ്കിംഗ് പരിശീലനത്തിന് 20 ലക്ഷം രൂപ, സിവിൽ സർവ്വീസ് പരിശീലനത്തിന് 20 ലക്ഷം രൂപ, GATE/MAT പരിശീലനത്തിന് 16,25,000/- രൂപ, UGC/NET//JRF/ പരിശീലനത്തിന് 11,25,000/- രൂപ എന്നിങ്ങനെ പരിധി നിശ്ചയിച്ചും, പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം(4) പ്രകാരം ഉത്തരവായിരുന്നു.

നിശ്ചിത തീയതിയ്ക്കകം എറണാകുളം,കോഴിക്കോട് ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളും,അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് വെബ്സൈറ്റിൽ നിന്നും ഉദ്ധരിച്ചെടുത്ത പട്ടികയിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാമർശം(3) വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്,താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ബാങ്കിംഗ് സർവ്വീസ് പരിശീലന വിഭാഗത്തിൽ താൽക്കാലികമായി അർഹത നേടിയ ഗുണഭോക്താക്കളുടെ കരട് പട്ടികയും, ടി വിഭാഗത്തിലെ വെയ്റ്റിംഗ് ലിസ്റ്റും ചുവടെ

രേഖപ്പെടുത്തും പ്രകാരം അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു( ഗുണഭോക്തൃ പട്ടിക അനുബന്ധമായി ചേർക്കുന്നു.).

| ഇനം | താൽക്കാലിക ഗുണഭോതൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | താൽക്കാലിക വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | മാർക്ക് ശതമാനം | തുക |
|---|---|---|---|---|
| ബാങ്കിംഗ് സർവ്വീസ് | 91 | 90 | 96.53 മുതൽ 74.44 വരെ മാർക്ക് നേടിയവർ | 18,20,000/- |

പ്രസിദ്ധീകരിച്ച പട്ടികയിൽ ആക്ഷേപമുള്ളവർ അസ്സൽ രേഖകൾ സഹിതം ബന്ധപ്പെട്ട ഓഫീസുകളിൽ 04.12.2019 വൈകുന്നേരം 5 മണിക്കുമുമ്പായി ബന്ധപ്പെടേണ്ടതാണ്. ടി സമയ പരിധിയ്ക്കു ശേഷം വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.താൽക്കാലിക പട്ടികയ്ക്കു ശേഷം 06.12.2019 ന് അന്തിമ പട്ടിക പ്രസിദ്ധീകരിയ്ക്കുന്നതാണ്. ആയതിനു ശേഷം മെയിൻ ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ്സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിയ്ക്കേണ്ടതാണ്.

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

അനിൽ. ജി.
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
...ാക്ക വിഭാഗ വികസന വകുപ്പ്
...ിൽ സ്റ്റേഷൻ, കാക്കനാട്
...ണാകുളം - 682030

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ് ,കോഴിക്കോട്

പകർപ്പ് :

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് – തിരുവനന്തപുരം (ഉപരിപത്രം സഹിതം അറിവിലേക്കായി)
അക്കൌണ്ടന്റ് ജനറൽ എ&ഇ,കേരളം(ഉപരിപത്രം സഹിതം അറിവിലേയ്ക്കായി)
ജില്ലാ ട്രഷറി ആഫീസർ, എറണാകുളം
ഐ.ടി ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
എ1 സീറ്റ് (ബിൽ മാറി തുക ക്രെഡിറ്റ് ചെയ്യുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ആഫീസ്
എറണാകുളം